(ബി) പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്താംതരം തുല്യത വിജയിച്ചവർ, ഔപചാരിക പത്താംതരം വിജയിച്ച് പഠനം തുടരാൻ കഴിയാത്തവർ, പ്രീഡിഗ്രി കോഴ്സ് വിജയിക്കാത്തവർ എന്നിവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ അവസരം നൽകുക, പഠനം നഷ്ടപ്പെട്ടുപോയവരെ അതിലേക്ക് തിരികെ കൊണ്ടുവന്ന് ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ ഉതകുന്ന ക്രിയാത്മകവും വിമർശനാത്മകവുമായ ചിന്ത വളർത്തുക, തൊഴിൽ/സംരംഭകത്വശേഷി പഠിതാക്കളിൽ വളർത്തുക, പാർശ്വവത്ക്കരിക്കപ്പെട്ടവരിലും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരിലും പുനർപഠനത്തിലൂടെ ആത്മാഭിമാനവും ആത്മവിശ്വാസവും വളർത്തുക എന്നിവയാണ് ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാന സാക്ഷരതാ മിഷൻ മുഖേന എസ്.സി.ഇ.ആർ.ടി., ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും സമ്പർക്ക പഠന ക്ലാസുകൾ (ബ്രിഡ്ജ് കോഴ്സ്) ആരംഭിക്കുകയും പഠന സാമഗ്രികൾ തയ്യാറാക്കി അച്ചടിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഹയർ സെക്കണ്ടറി വകുപ്പിലെ പുതിയ അദ്ധ്യാപക തസ്തികകൾ

40 (3763) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പ് പുതിയതായി എത്ര അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം വിഷയങ്ങളിലാണ് പ്രസ്തുത തസ്തികകൾ അനുവദിച്ചിട്ടുള്ളത് ; അവയുടെ തരംതിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പുതുതായി അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. എന്നാൽ എയ്ഡഡ് ഹയർ സെക്കണ്ടറിയിൽ തസ്തിക സൃഷ്ടിച്ചുകൊണ്ട് നേരത്തെ പുറപ്പെടുവിച്ച ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിനായി ചില തസ്തിക കൂടിച്ചേർക്കാനും ചിലത് ഒഴിവാക്കാനും തീരുമാനമെടുത്തിട്ടുണ്ട്.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് ടു സമയക്രമം

41 (3764) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് ടു സമയക്രമം രാവിലെ 9 മണി മുതൽ വൈകുന്നേരം 4.45 വരെ ആക്കിയപ്പോൾ മധ്യാഹ്നത്തിലുള്ള ഇടവേളകൾ ഹൈസ്കൂളിനും ഹയർ സെക്കണ്ടറി വിഭാഗത്തിനും വ്യത്യസ്ത സമയത്തിലായി മാറിയിട്ടുള്ളതുമൂലമുള്ള അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹയർ സെക്കണ്ടറി സ്കൂൾ പ്രവർത്തന സമയം ഹൈസ്കൂളിന് ഇടവേളയായി മാറുന്നതുമൂലമുണ്ടാകുന്ന ശബ്ദദായമാനമായ അന്തരീക്ഷം മൂലം മിക്ക സ്കൂളുകളിലും ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ അദ്ധ്യയനം തടസ്സപ്പെടുന്നത് ഒഴിവാക്കാൻ വേണ്ട അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ ;

(സി) ആയത് പരിഹരിക്കുന്നത് സംബന്ധിച്ച് നിലവിൽ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തി സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 4.45 വരെ ആക്കിയപ്പോൾ മധ്യാഹ്നത്തിലുള്ള ഇടവേളകൾ ഹൈസ്കൂളിനും ഹയർ സെക്കണ്ടറി വിഭാഗത്തിനും വ്യത്യസ്ത സമയത്തിലായി മാറിയതിൽ അപാകതകൾ ഉള്ളതായോ സമയമാറ്റം ഹയർ സെക്കണ്ടറി വിഭാഗത്തിലെ അദ്ധ്യയനം തടസ്സപ്പെടുത്തുന്നതായോ സർക്കാർ കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly